**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

## നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 54– 5/6/2018–ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കോവൂർ കുഞ്ഞുമോൻ**<br>**ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ. സി. കെ. നാണു**<br>**ശ്രീ. കെ. ബി. ഗണേഷ് കുമാർ** | **ഡോ. ടി. എം. തോമസ് ഐസക്ക്**<br>**ധനകാര്യവും കയറും വകുപ്പ് മന്ത്രി** |

### പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശകൾ

| ചോദ്യം | മറുപടി |
| --- | --- |
| (എ) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശകൾ നടപ്പിൽ വരുത്തുമ്പോൾ കേരളത്തിന് എന്തെല്ലാം നഷ്ടങ്ങളാണുണ്ടാകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ കേന്ദ്ര ഗവണ്മെന്റിന് ഇതു വരെ സമർപ്പിച്ചിട്ടില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശ 2019 ഒക്ടോബറിലാണ് സമർപ്പിക്കുന്നത്. പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുമ്പോൾ മാത്രമേ ഇതു സംബന്ധിച്ച് വ്യക്തത ലഭ്യമാകുകയുള്ളൂ. |
| (ബി) ഇത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും അപാകതകൾ പരിഹരിക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; വിശദ വിവരം വെളിപ്പെടുത്തുമോ? | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റെഫറൻസിലെ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന നിർദ്ദേശങ്ങൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന സന്ദർശനവേളയിൽ ധനകാര്യകമ്മീഷന് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ കമ്മീഷന്റെ സംസ്ഥാന സന്ദർശനവേളയിൽ വിശദമായ മെമ്മോറാണ്ടം കേരളം സമർപ്പിച്ചിട്ടുണ്ട്. മെമ്മോറാണ്ടത്തിലെ പ്രധാന ആവശ്യങ്ങൾ ഇവയാണ്.<br>• സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നല്കുന്ന കേന്ദ്ര നികുതിയുടെ വിഹിതം നിലവിലെ 42 ശതമാനത്തിൽ നിന്നും 50 ശതമാനം ആയി ഉയർത്തുക.<br>• സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജനത്തിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.<br>• ടേംസ് ഓഫ് റഫറൻസ് 8 നീക്കം ചെയ്യണമെന്നും ജനസംഖ്യക്ക് നൽകുന്ന വെയ്റ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തീരുമാനമെടുക്കുവാനുള്ള കൂടുതൽ ഫ്ളെക്സിബിലിറ്റി കമ്മീഷന് ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട് |

| | |
|---|---|
| | സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971 കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക് ജനസംഖ്യക്ക് തുല്യമായ വെയ്‌റ്റേജ് നല്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. വരുമാന അന്തരത്തിനുള്ള വെയ്‌റ്റേജ് 50% ൽ നിന്നും 20% ആക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>മാനദണ്ഡം — വെയിറ്റേജ്<br><br>ജനസംഖ്യ 2011 സെൻസസ് അടിസ്ഥാനമാക്കി - 30 %<br>ജനസംഖ്യാപരമായ നേട്ടം (1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കി)- 30 %<br>വരുമാന അന്തരം - 20 %<br>വിസ്തീർണ്ണം- 10 %<br>വനമേഖല- 10 %<br><br>• പ്രത്യേക മേഖല ഗ്രാന്റുകൾ നൽകുവാൻ ധനകാര്യ കമ്മീഷൻ തീരുമാനിക്കുകയാണെങ്കിൽ ഭരണ ഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം സംസ്ഥാനത്തിന് ചുവടെ പറയുന്ന മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്<br>• തീരദേശപരിപാലനം - 1500 കോടി<br>• വന സംരക്ഷണം - 1000 കോടി<br>• മെച്ചപ്പെട്ട തൊഴിൽ ലഭ്യതക്കാവശ്യമായ നൈപുണ്യ വികസനം - 750 കോടി<br>• റബർ കർഷകർക്ക് ആശ്വാസം - 250 കോടി<br>• മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസം - 1500 കോടി<br>• റവന്യൂ കമ്മി ഗ്രാന്റ് തുടരേണ്ടതാണ്.<br>• 2011 ലെ സെൻസസ് അടിസ്ഥാനമാക്കി നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിലെ നിർദ്ദേശം പിൻവലിക്കുക.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക്ക് ഗ്രാന്റും 10% പെർഫോമൻസ് ഗ്രാന്റും , ബാക്കി 30% തദ്ദേശ സ്വയംഭരണ |

| | |
|---|---|
| | സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥർ എന്നിവ അടിസ്ഥാനമാക്കി നൽകേണ്ടതാണ്. 10% പെർഫോമൻസ് ഗ്രാന്റ്, ഓഡിറ്റിംഗ്, അക്കൗണ്ടിംഗിലെ ഇ-ഗവേർണൻസ് നടപടികൾ, പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.<br>• ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ SDRF കോർപ്പസ് ഗണ്യമായി ഉയർത്തുകയും കേന്ദ്ര വിഹിതം 90% ആക്കുകയും ചെയ്യേണ്ടതാണ്. ഇതിൽ നിന്നും ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിബന്ധനകൾ ലളിതമാക്കേണ്ടതാണ്.<br>• സംസ്ഥാനത്തിന്റെ കടം എടുക്കുന്നതിനുള്ള പരിധി GSDP യുടെ 3 % നിലനിർത്തുകയും മറ്റ് നിബന്ധനകൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുക.<br>• തൊഴിൽ നികുതിയുടെ പരിധി ഉയർത്തുന്നതിന് ഭരണഘടന ഭേദഗതി ശുപാർശ ചെയ്യുക. |

അക്കൗണ്ട്സ് ഓഫീസർ